DESPATCHED
On...22/05/2020



25/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1415(4)/2012/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8840/*എസ്.ഐ.സി–ജി 2/2012*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. പൂർണ്ണിമ. എം,
കൈലാസ മന്ദിരം,
വാഴപ്പള്ളി, ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   നഗരസഭാകാര്യാലയം,
   ചങ്ങനാശ്ശേരി.
2. അപ്പീൽ അധികാരി &
   മുനിസിപ്പൽ സെക്രട്ടറി,
   നഗരസഭാകാര്യാലയം,
   ചങ്ങനാശ്ശേരി.

} എതിർക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി ചങ്ങനാശ്ശേരി നഗരസഭ 3-ാം വാർഡിൽ ടിയാളുടെ പേരിലുള്ള 110-ാം നമ്പർ കെട്ടിടത്തോടു ചേർന്ന് ശ്രീമതി സീജാ അജിത് കുമാർ എന്നയാൾ കെട്ടിട നിർമ്മാണം നടത്തുന്നതു സംബന്ധിച്ചു നൽകിയ പരാതിയിൽ

സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു ചോദിച്ച് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 17.01.2019 ൽ കമ്മീഷൻ കോട്ടയം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരി ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരിയുടെ വീടിനോട് ചേർന്ന് ശ്രീമതി സീജാ അജിത്കുമാർ അനധികൃത കെട്ടിട നിർമ്മാണമാണ് നടത്തുന്നതെന്നും, അത് തടയണമെന്നും ആവശ്യപ്പെട്ടാണ് ടിയാൾ പരാതി നൽകിയിരുന്നതെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. എന്നാൽ മുനിസിപ്പൽ എഞ്ചിനീയറിങ്ങ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ടി പരാതി വസ്തുതാപരമല്ലെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട പരാതിയിന്മേലുള്ള നടപടികൾ ബഹു. ഓംബുഡ്സ്മാൻ അവസാനിപ്പിച്ചിട്ടുള്ളതും, പിന്നീട് ടി കെട്ടിടത്തിന് II/110(2) എന്ന കെട്ടിട നമ്പർ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരിയുടെ 10.01.2012 ലെ വിവരാവകാശ അപേക്ഷയ്ക്ക് 04.02.2012 ൽ ഇ2-10355/11 നമ്പരായി മറുപടി നൽകിയിട്ടുള്ളതാണ്. ഇതിനുശേഷം 07.03.2012 ൽ അപ്പീൽ ഹർജിക്കാരി വീണ്ടും നൽകിയ പരാതിക്ക് 13.03.2012 ൽ ജി6-2163/12 നമ്പരായി മറുപടി നൽകി. 26.03.2012 ൽ അപ്പീലിന് വിശദമായ മറുപടി നൽകുകയും ചെയ്തു. ശ്രീമതി. സീജാ അജിത്കുമാർ കെട്ടിടം നിർമ്മിച്ചത് ടിയാൾക്ക് അവകാശപ്പെട്ട വസ്തുവി

ലാണെന്നും, ടി നിർമ്മാണം മൂലം പരാതിക്കാരിക്ക് നാശനഷ്ടം സംഭവിച്ചു എന്ന ആരോപണം വസ്തുതാപരമല്ലെന്നും അന്വേഷണ ത്തിൽ കണ്ടെത്തിയതായി മറുപടിയിൽ വ്യക്തമാക്കിയിരുന്നു. പരാതിക്കാരി ഹാജരാക്കിയിരുന്ന കോടതി ഉത്തരവിൽ വാദിയുടെ വസ്തുവിലെ കെട്ടിടത്തിന് നാശനഷ്ടം വരുത്തരുത് എന്നാണ് നിർദ്ദേശിച്ചിരുന്നത് എന്നും, അത് ലംഘിച്ചതായി കാണുന്നില്ല എന്നും വ്യക്തമാക്കിയിരുന്നു. പരാതിക്കാരി 28.11.2011 ൽ നൽകിയ അപേക്ഷ ഓഫീസിൽ ലഭിച്ചിരുന്നില്ല എന്ന തെറ്റായ മറുപടി നൽകുകയും, പിന്നീട് ടി തെറ്റ് തിരുത്തുകയും വിവരം അപേക്ഷ കനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും ഒന്നാം എതിർകക്ഷി രേഖാമൂലം നൽകിയ മൊഴിയിൽ പറയുന്നു.

4. ഈ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരി ശോധിച്ചു. ഇതിൽനിന്ന് ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു. സ്ഥലം കൈയ്യേറി അനധികൃത നിർമ്മാണം നടത്തുന്നുവെന്ന അപ്പീൽ ഹർജിക്കാരി യുടെ ആരോപണം ശരിവച്ച് മറുപടി ലഭിക്കാത്തതാണ് കമ്മീഷ നിൽ അപ്പീൽ സമർപ്പിക്കാൻ കാരണമായതെന്നും കമ്മീഷൻ കരു തുന്നു. ഇത്തരം തർക്കങ്ങൾ പരിഹരിക്കുകയെന്നത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന കാര്യവുമല്ല.

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ, നൽകാൻ കഴിയുന്ന വിവരങ്ങൾ എതിർകക്ഷികൾ ഇതിനകം നൽകിക്കഴിഞ്ഞതായി കമ്മീഷൻ കരുതുന്നു. അതുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 25.02.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

re